# KAKC News & Views

**Kerala Association of Kansas City Newsletter**

**Volume 4, Issue 2** **August 2009**


## സ്വാതന്ത്ര്യദിന ചിന്തകൾ

വിദേശ ശക്തിക്ക് അടിമയും അസ്വതന്ത്രവുമായിരുന്ന ഭാരതം 1947 ഓഗസ്റ്റ് 15 ന് സ്വതന്ത്രമായി.
ഭാരതം വൈവിദ്ധ്യങ്ങളുടെ നാടാണ്. ഭൂപ്രകൃതി, കാലാവസ്ഥ, ജാതികൾ, മതങ്ങൾ, ഭാഷകൾ, ജനങ്ങൾ ഇവ എല്ലാം തന്നേ വ്യത്യസ്ഥങ്ങളാണ്. എന്നാൽ വൈവിദ്ധ്യത്തിലും ഏകത്വം നിലകൊള്ളുന്നു എന്നതാണ് ഭാരതത്തിന്റെ പ്രത്യേകത. വൈവിദ്ധ്യത്തിലും ഇൻഡ്യൻ ജനത ഒറ്റക്കെട്ടായി മുന്നേറുന്നു.
ഭാരതത്തിന്റെ പുരാതന സംസ്കാരവും തത്വസംഹിതകളും സുപ്രസിദ്ധമാണ്. നമ്മുടെ ഭാരതീയ സംസ്കാരം ആർഷ സംസ്കാരമാണ്. ആദർശാത്മക മുദ്രാവാക്യത്തിൽ ഭാരതം അടിയുറച്ചു നില്കുന്നു.
മുസ്ളീം ഭൂരിപക്ഷമുള്ള പാക്കിസ്ഥാനും ഹിന്ദുക്കൾ ഭൂരിപക്ഷമുള്ള ഭാരതവും തമ്മിൽ വേർപിരിഞ്ഞു. അത് ഇൻഡ്യയുടെ അഖണ്ഡതയ്ക്ക് ആഘാതം സൃഷ്ടിച്ചു.
ഇൻഡ്യയിൽ ദേശിയോദ്ഗ്രഥനത്തിനുവേണ്ടിയുള്ള പരിശ്രമങ്ങൾ നടത്തുന്നുണ്ട്.
സമത്വം, സ്വാതന്ത്ര്യം മതേതരത്വം ഇവ ഭാരതത്തിന്റെ നയമാണ്. എല്ലാ മതങ്ങൾക്കും ഗവൺമെന്റ് തുല്ല്യാവകാശം നല്കുന്നു. സകല മതങ്ങൾക്കും അവരുടെ വിശ്വാസങ്ങളും ആചാരങ്ങളും പുലർത്തുന്നതിനുള്ള സ്വാതന്ത്ര്യം ഇൻഡ്യൻ ഭരണഘടന വാക്ദാനം നല്കുന്നു.
അടുത്ത കാലത്തായി മതത്തിന്റെയും ജാതിയുടെയും പേരിലുള്ള കലാപങ്ങൾ, ഭീകരാക്രമങ്ങൾ ഇവ ഭാരതത്തിന്റെ ദേശിയോദ്ഗ്രഥനത്തെ ക്ഷതപ്പെടുത്തുന്നു. വർഗീയ കലാപങ്ങൾ ഭാരതത്തിന്റെ ഭദ്രതയ്കും ഐക്യത്തിനും ഭീഷണിയാണ്. ഇൻഡ്യയുടെ ഐക്യത്തിനും അഖണ്ഡതയ്ക്കും വേണ്ടി യത്നിക്കുവാൻ ഓരോ ഇൻഡ്യൻ വംശജനും ബാധ്യസഥനാണ്.
നമ്മുടെ സ്വാതന്ത്ര്യം മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തെ ഹനിക്കാത്തയായിരിക്കട്ടെ.

യഥാർത്ഥ സ്വാതന്ത്ര്യത്തെക്കുറിച്ച് എമേഴ്സന്റെ വാക്കുകൾ ശ്രദ്ധിക്കുകഃ

"My angel, his name is freedom
Choose him to be your king
He shall cut path ways east and west
And find you with his wings"

ഓണാശംസകളോടെ!

Jayan Abraham
President, KAKC.

## Calendar of Events




**August 29, 2009 -** Onam Celebration

**December 12, 2009 -** Christmas Celebration

## Distinguished Dietitian of the Year Award

Crissy Kaleekal, past president KAKC (2006), has been named the Distinguished Dietitian of the Year by the Kansas Dietetic Association (KDA). This top award recognizes a dietitian who demonstrates involvement at the state, local and national levels of the American Dietetic Association, and leadership and advancement in the field of dietetics. Kaleekal received the honor for her leadership in advancing the practice of dietetics in the healthcare field, her involvement at the state and local level nutrition associations, and her role as a mentor for dietitians and dietetic interns. A registered dietitian for more than 25 years, Kaleekal's leadership enabled her to not only establish the Department of Clinical Nutrition at the University of Kansas Hospital, but to elevate the department's service to providing exceptional nutritional care. Kaleekal was recognized at an award ceremony during the annual KDA conference in Hutchinson, Kan., on Apr. 17.

## European Trip by Anjeli Ravi

*This section in our newsletter introduces our children to each other and shares their experiences with the community. Email to editor@kakc.org.*

Always keep change when riding the European Subway. Don't sit at open tables at open restaurants, they chase you off ! Never forget what turns you took when navigating the streets of Paris! French ticket collectors are not the nicest of people! They say when you go to other countries and experience other cultures you learn life lessons. On my trip to Germany and France to attend the 5 day International Music for my school's Orchestra, I did not learn life-changing lessons instead, I did learn that Europe is a fun and memorable experience.

My first destination was Frankfurt, Germany and when we arrived, we took a huge bus to the town where the exchange program existed. Towards the beginning of the ride, Germany looked exactly like America with the highways, trees, and shops with German writing but as we reached our destination, Bietigheim-Bissingen, I realized the difference. Germany is ten times more prettier and most of the buildings were the old European style; colorful and elegant. Everywhere you looked were gardens and greenery and surrounding many buildings there were statues. On our ride, I saw huge-*Sound-of-Music*-hills and grape fields. After the introductory tour of town and a heavy lunch we met our host families. Their house was slightly bigger than a townhouse and was beautifully decorated, modern and kept clean and neat.

Our schedule for the next couple of days involved a 6:00am wake up, breakfast followed by practice sessions with the rest of the orchestra class. At mid morning, we went on a tour to a castle or museum such as the Mercedes-Benz Museum, Ludwigsburg Castle which is the most well preserved castle I have ever seen. The castle dates back to the 1700's and has original floors, wall coverings and furniture as well as gold leaf decorations and crystal chandeliers. Napolean was a guest there as well as dukes and kings of the time.The gardens are beautiful as well. In the evening, we had formal concerts in the concert hall in Beitigheim. This was followed by a visit to local icecreamshops before bedtime. Due to the walking and lack of sleep I was exhausted , but my host family was very nice and they gave me freshly made strawberry cake (yum) and stuffed me with fish and vegetarian dishes

. On the last day, my German "sister" took me biking. Most of the way was a dirt pathway going through apple trees, cherry trees, and grape vines. When we reached the top of the hill, the view was breathtaking. It was the whole city from an aerial view. That was my favorite place in Germany.

To France we took the Chunnel , a high-speed train. Because there were many of us on the trip, the luggage holder was overfilled with BVNW suitcases. Near by, a French passenger made comments on our luggage saying, "We French only take what we need". I guess we just needed more!

*continued*

## KAKC Picnic - Editors Word

Greetings! Welcome to another edition of our community newsletter, a means of reaching out to all of you in the community and updating you with recent and upcoming events. Let me start by thanking a lot of people in our community for making a grand success of our recent 2009 Annual Picnic. In addition to our fun games and activities for children and adults, this time round we were able to create a traditional Thattukada stall setting with Malayalam music in the background serving items such as Kappa and King Fish curry, Masala Dosa and vegetarian snacks. Our nostalgia was complete towards the end of the stall serving hours when we experienced a power shut down and our appetites had to depend on burgers on the grill served with chips and pop. It was an afternoon for everyone to reconnect and enjoy being part of the KAKC. Pictures of the events and results of the activities can be found on our KAKC website. Prize distribution will be conducted during the our next event … Onam Program on Aug 29th

Our annual membership drive for 2009 is still ongoing and we request everyone to take the 2009 KAKC membership before the Onam program. Soon we will start preparations for the KAKC Directory and we require the most current contact information of our members. So please make it a point to let us know if there are changes to existing member information. Also, we request you to submit your articles for our Newletter and Advertisements for the annual directory to us at *editor@kakc.org* . On behalf of the KAKC committee, we wish you all a very prosperous and fun filled Onam!

## Thank you

This issue of KAKC News & Views is sponsored by

- **Ronie Chazhoor**
- **Dr. Narayanan Mangalath**
- **Pradeep Muthalpuredathu**

Your articles and support are very important to this newsletter. Each issue of KAKC News & Views costs $150 to print and mail. If 6 members contribute $25 each or more, it can cover the expenses for one newsletter. Please send a check payable to KAKC to our Treasurer, Mr Josekutty Mathew at 13610 W 129th Cir, Olathe, KS 66062. We look forward to your generous contributions.

## അനാഥത്വം – പ്രസീത രജി

ഏകാന്തതയുടെ സ്വസ്ഥതയിൽ പലതും ഓർത്തിരിക്കാൻ വലിയ മോഹമായിരുന്നൂ, എന്നും. പോക്കുവെയിൽ തൂണിൽ വരയ്ക്കുന്ന തന്റെ ചിത്രത്തിൽ നോക്കി ചിരിക്കാനും പരിഭവിക്കാനും അവളൊരുപാട് ഇഷ്ടപ്പെട്ടിരുന്നു. ഇന്നും ആ ഇഷ്ടങ്ങൾക്ക് ഒരു മാറ്റവും വന്നിട്ടില്ല. അവയുടെ തീവ്രതയ്ക്ക് ഏറ്റക്കുറച്ചിലുകൾ ഉണ്ടായി എന്നു മാത്രം. ഒരിക്കൽ ജനിച്ചവയൊന്നും തന്നെ പൂർണ്ണമായി നശിക്കുന്നില്ലായിരിക്കാം.

അപ്പുറത്ത് പുതുതായി പണിത കെട്ടിടത്തിലേക്ക് അറിയാതെ കണ്ണോടിച്ചു. കാലം ഒരുപാട് മാറ്റങ്ങൾ വരുത്തിയിരിക്കുന്നു. ഓർമ്മകൾക്ക് വർഷങ്ങളുടെ പഴക്കമാകുമ്പോൾ ദൈന്യതയുടെ മുഖം മനസ്സിലേക്ക് ഓടിയെത്തുന്നു. ''അനാഥാലയം'' എന്നെഴുതിയ ഭംഗിയില്ലാത്ത പഴയ ബോർഡ്. അതിനു കീഴിൽ തിരിച്ചറിയാനാവാത്ത കുറെ രൂപങ്ങൾ. ഉന്തിയ വയറും മെലിഞ്ഞ ശരീരവും അവയ്ക്കെല്ലാം ഒരേ രൂപം നൽകി. ഭയവും ആകാംക്ഷയും മാത്രം മിന്നി മറയുന്ന കണ്ണുകൾ, ഒരേ മുഖച്ഛായയും. ആ കുട്ടികളെ കാണുമ്പോൾ അവൾക്കെന്നും വലിയ വിഷമമായിരുന്നു. പണ്ടൊക്കെ അത്ഭുതം കൂറി ചോദിക്കും.

'' അമ്മേ, ആ കുട്ടികളെ ആരാ കുളിപ്പിക്ക്യാ, ആരാ പാട്ടു പാടിയുറക്കാ....''

അപ്പോഴൊക്കെ എന്തെങ്കിലും പറഞ്ഞ് അമ്മ ആശ്വസിപ്പിക്കും.

ഉമ്മറത്ത് അമ്മയുടെ മടിയിൽ തലവച്ച് കിടക്കുന്ന തന്നെ തുറിച്ചുനോക്കുന്ന ആ രണ്ടു കണ്ണുകൾ യാദൃശ്ചികമായാണ് ശ്രദ്ധയിൽ പ്പെട്ടത്. വിസ്മയം നിറഞ്ഞ ആ കണ്ണുകൾ അവൾക്കൊരു തമാശയായി. വളർന്നപ്പോഴും ആ ബന്ധമറ്റുപോകാതിരുന്നത് അവളുടെ താല്പര്യം കൊണ്ടു മാത്രമാകാം. കൊച്ചു കൊച്ചു സംഭാഷണങ്ങൾക്കും നീണ്ട മൗനത്തിനുമിടയിൽ അവരുടെ ബന്ധം വളരുകയായിരുന്നു. ഇത്രയും അടുപ്പം തോന്നാൻ മാത്രം എന്തു പ്രത്യേകതയാണ് അവനിൽ കണ്ടതെന്ന് പലപ്പോഴും ചിന്തിച്ചിട്ടുണ്ട്. മറ്റുള്ളവരിൽ നിന്നും വേർതിരിക്കുന്ന എന്തോ ഒരു പ്രത്യേകത അവനുണ്ടാകാം. നല്ലതോ ചീത്തയോ എന്ന് വേർതിരിക്കാനാവാത്ത എന്തോ ഒന്ന്. അങ്ങനെ ബാലൻ അവളുടെ ഏറ്റവുമടുത്ത കൂട്ടുകാരനാവുകയായിരുന്നു.

ഒരു വൈകുന്നേരം. പതിവുള്ള നടത്തത്തിനിടയിൽ അവൾക്കുതോന്നിയ ഒരു കുസൃതി.

''ബാലൂ, ആരാ നിനക്ക് ഈ പേരിട്ടത്? ''

അരുതാത്തതെന്തോ കേട്ടതുപോലെ സൂക്ഷിച്ചു നോക്കി.
''പഴയതെങ്കിലും ഒരു പേരു സമ്മാനിക്കാൻ ഒരാളുണ്ടായത് ഭാഗ്യമായി ഞാൻ കരുതുന്നു. അല്ലെങ്കിൽ സ്വയം കണ്ടു പിടിക്കാനാവുന്നതു വരെ സ്വന്തമെന്നു പറയാൻ ഒരു പേരുപോലും ഇല്ലാതെ ജീവിക്കേണ്ടി വരുമായിരുന്നില്ലേ? ''

വെറുതെ തമാശയായി ചോദിച്ചുപോയതിന്റെ ഗൗരവമോർത്തപ്പോൾ വേണ്ടിയിരുന്നില്ലെന്നു തോന്നി.

''ബാലൂ, ഞാൻ വെറുതെ....''

നേർത്ത പുഞ്ചിരിയോടെ തലയാട്ടുമ്പോൾ മനസ്സു തണുക്കുന്നതറിഞ്ഞു. എന്തിനേയും നിസ്സാരമായി കാണുന്ന അവന്റെ സ്വഭാവത്തെക്കുറിച്ചോർത്തപ്പോൾ ആശ്വാസം തോന്നി. യാഥാർത്ഥ്യങ്ങളെ അംഗീകരിക്കാൻ അവനെന്നും ഒരുക്കമായിരുന്നു. അവയെ ന്യായീകരിക്കാൻ അസാധാരണമെന്നു തോന്നാവുന്ന കുറെ കാഴ്ചപ്പാടുകളും.

''മീരാ, ആരും ആരേയും പൂർണ്ണമായി സ്നേഹിക്കുന്നില്ല.

''അവൾ ശബ്ദമില്ലാതെ ചിരിച്ചു.

''എനിക്കറിയാം നിനക്കതിനോട് യോജിക്കാനാവില്ലെന്ന്. പ്രായമാകുമ്പോൾ മക്കളെ ആശ്രയിക്കേണ്ടിവരും എന്നില്ലായിരുന്നെങ്കിൽ

അച്ഛനമ്മമാർപോലും അവരെ ഇത്രയധികം സ്നേഹിക്കില്ലായിരുന്നു. ഒരു ജന്മത്തിന്റെ കൂടെ സമ്മാനമായിക്കിട്ടുന്ന കുറെ കടപ്പാടുകൾ. അതോർക്കുംമ്പോൾ ഞാനെത്ര ഭാഗ്യവാനാണ്. എന്റെ നേട്ടങ്ങളും നഷ്ടങ്ങളും എനിക്കു മാത്രമാണല്ലോ.‘‘

ബന്ധങ്ങളുടെ കടപ്പാടുകളില്ലാത്ത ഒരു ലോകം ആരിൽനിന്നൂം ഒന്നൂം പ്രതീക്ഷിക്കാത്ത ആർക്കും പ്രതീക്ഷകൾ നൽകാത്ത ജീവിതത്തിന്റെ ലഹരി അവളിൽ ജനിക്കുന്നതറിഞ്ഞു. ഓരോന്നൂം കേട്ടിരിക്കൂംമ്പോൾ അവന്റെ ജന്മം, ആ സ്വാതന്ത്ര്യം എല്ലാം അവൾക്കു പ്രിയപ്പെട്ടതാവുകയായിരുന്നൂ.

ഉപരിപഠനത്തിനായി അവൾ നഗരത്തിൽ പോയപ്പോൾ പ്രിയപ്പെട്ടതെന്തോ കളഞ്ഞു പോയ വീർപ്പുമുട്ടൽ. അവളുടെ വരവിനായി കാത്തിരുന്ന വാരാന്ത്യങ്ങൾ.

‘‘മീരാ, നീയില്ലാതെ ഞാനനുഭവിക്കുന്ന ഏകാന്തത നിനക്കറിയ്യോ ?’’

കുറച്ചു നേരത്തെ നിശബ്ദതയ്ക്കുശേഷം അവൾ ചോദിച്ചു.

‘‘എന്തേ നിനക്കൊരുപാട് കൂട്ടുകാരില്ലാതിരുന്നത്?’’

ചോദ്യം കേട്ട് ഒന്നൂ പതറിയെങ്കിലും പെട്ടെന്ന് മറുപടിയുണ്ടായി.

‘‘അവരെല്ലാവരും കൂടി നൽകുന്ന സ്നേഹത്തിന് തിരിച്ചു നൽകാൻമാത്രം സ്നേഹം എന്റെയടുത്തുണ്ടാവുമോ എന്നൂ ഞാൻ ഭയപ്പെടുന്നു.‘‘

നേർത്തൂ നേർത്തൂ വരുന്ന അവന്റെ ശബ്ദം. നിഷ്കളങ്കമായ കണ്ണുകൾ എന്തൊക്കെയോ വിളിച്ചറിയിക്കുന്നു. സ്വപ്നത്തിലെന്നവണ്ണം നിൽക്കുന്ന അവനെ അവൾ അമ്പരപ്പോടെ നോക്കി. നിമിഷങ്ങളോളം നീണ്ട നിശബ്ദതയ്ക്കൊടുവിൽ അവളുടെ ശബ്ദം.
‘‘ബാലൂ, ഞാനൊന്നൂ ചോദിക്കട്ടെ, ഞാൻ നിനക്കാരാ? ’’

‘‘നീ.. ഞാനൂം ഒരുപാട് ചിന്തിച്ചിട്ടുണ്ട്. നീ എന്നിൽ ജനിപ്പിച്ച സങ്കൽപ്പങ്ങളിലെ അമ്മയ്ക്ക്, സഹോദരിക്ക്, ഭാര്യയ്ക്ക് എല്ലാം നിന്റെ മുഖച്ഛായയാണ്.‘‘

ആ മറുപടി അവളുടെ ശബ്ദത്തിന് ബലം വർദ്ധിപ്പിക്കൂകയായിരുന്നൂ. മനസ്സിലെ സ്വപ്നങ്ങളുടെ നിറം മുഖത്തു പ്രത്യക്ഷപ്പെടുന്നത് ഒരു ഭീതിയോടെ അവൾ കണ്ടു. ഈ ബന്ധം തനിക്കൊരു ബാധ്യതയായേക്കാം എന്നൂ ചിന്ത അവളിൽ അസ്വസ്ഥത പടർത്തി. മറ്റാരിൽനിന്നും ലഭിക്കാത്ത സ്നേഹം തന്നിൽ നിന്നൂ ലഭിക്കുമെന്ന അവന്റെ പ്രതീക്ഷ. ഒരു നിമിഷം എല്ലാം തുറന്നൂ പറയാൻ മനസ്സുകൊതിച്ചെങ്കിലും വേണ്ടെന്നൂ തോന്നി. കിട്ടാത്ത സൗഭാഗ്യങ്ങൾ ആഗ്രഹിച്ചതിലെ അർത്ഥമില്ലായ്മയെക്കുറിച്ച് അറിയാവുന്നതിനാൽ അവനൊരിക്കലും വിഷമിക്കില്ലെന്ന് ആശ്വസിക്കാൻ ശ്രമിച്ചു. പ്രതീക്ഷിക്കാത്ത ഈ വേർപാടും ഒരു യാഥാർത്ഥ്യമായി അവൻ അംഗീകരിക്കും. ഒടുവിൽ എല്ലാം എന്നോ കണ്ട ഒരു സ്വപ്നമായി മാറും.

ഓർമ്മകളിൽ ആഴ്ന്നിറങ്ങുമ്പോൾ തെളിയുന്ന കുറ്റബോധം. അതിലൂപരി മനസ്സിലുയരുന്ന മോഹത്തിന്റെ മർമ്മരം. അനിവാര്യമായ ഒരു ഒളിച്ചോട്ടത്തിന്റെ ആവശ്യകത വേർപാടിന്റെ ദു:ഖത്തെ ഇല്ലാതാക്കൂന്നതറിഞ്ഞു. തന്റെ സ്വപ്നങ്ങളിൽ തെളിയുന്ന ഒരു ലോകം അതാവാം ഏറ്റവും വിലപ്പെട്ടത്. താനെന്നൂം സ്വകാര്യമായി സൂക്ഷിച്ച ഒരു മോഹം – തന്റേതു മാത്രമായ ഒരു ലോകം, കടപ്പാടുകളില്ലാത്ത ഒരു ജന്മം. യാഥാർത്ഥ്യങ്ങളേക്കാൾ പ്രിയങ്കരങ്ങളായ സങ്കല്പങ്ങളിൽ നിറഞ്ഞു നിന്ന ജീവിതം. ആ സ്വാതന്ത്ര്യത്തിന്റെ സന്തോഷം തേടി അവളെങ്ങോട്ടോ യാത്രയായി............

## *New KAKC Members*

There are many new Malayalees in the greater Kansas City area and we need your help in introducing them to KAKC. Please help them join KAKC by paying membership fee of $20 for family, $15 for single and $5 for students and introduce them to a committee member or submit the KAKC membership form online. A big welcome to those members who are new and have recently joined the organization.

Rajesh and Mahitha Nair Ph: (626) 251-7071

**കഥ ഇതുവരെ-----**

**ഒരു bomb വീണതോടെ പെട്ടെന്നു തന്നെ ഞങ്ങളുടെ military camp border ലേക്കു നീങ്ങി. ഉറ്റ കൂട്ടുകാരൻ Ravi വിവാഹ ത്തിനായി നാട്ടിലാണ്. താമസിയാതെ Ravi കല്യാണം കഴിഞ്ഞ് തിരിച്ചെത്തി.അവൻെറ recomendation പ്രകാരം എനിക്കു അവധി കിട്ടി ഞാൻ നാട്ടിലേക്കു യാത്രയായി.**

ഇനിയുംനാട് കാണാനുള്ള ആവേശമാണ്, ഹരിതപൂർണ്ണമായ നമ്മുടെ നാട് കാണാൻ എത്ര മനോഹരമാണ്. നേരം പുലുമ്പോഴെക്കും train ഒലവക്കോട് എത്തും. ആ ചായ, ചായേ ചായ, ചായേ എന്ന വിളി കേൾക്കുന്നതു തന്നെ കാതിനു ഒരു സുഖമാണ്. Train Ernakulam junction നിൽ നിർത്തിയപ്പോഴേക്കും train പകുതിയോളം കാലിയായി. തിരക്കൊക്കെ ഒന്നു ഒതുങ്ങിയപ്പോൾ ഒരു ചായ കുടിക്കാമെന്നു തോന്നി. ചായ വാങ്ങി കുടിക്കാൻ തുങ്ങിയപ്പോഴേക്കും train പോകാനുള്ള vistle അടിച്ചു പച്ചക്കൊടിയും കാണിച്ചു. പെട്ടെന്നു തന്നെ ചാടി train ൽ കയറി. ഇനിയും ഒരു മണിക്കുർ കൂടി കഴിഞ്ഞാൽ കോട്ടയം ആകും. ആരെല്ലാമാണോ സ്വീകരിക്കാൻ വരുന്നത്, എന്തൊക്കെയാണോ പുതിയ വാർത്തകൾ. മനസ്സിനു വല്ലാത്ത ഒരു അസ്വസ്തത. മറ്റുള്ളവർ ശ്രദ്ധിക്കുന്നുണ്ടോ എന്നെ എന്നു ഒന്നു ഒളിഞ്ഞു നോക്കി. ഇല്ല, എല്ലാവരും അവരവരുടെ ലോകത്താണെന്നു തോന്നി. Train നിർത്താറായപ്പോഴേക്കും ആരൊക്കെയോ വാതിൽക്കൽ തിങ്ങി നിൽക്കുന്ന കാരണത്താൽ ജനാലയിൽ കൂടി വെളിയിലേക്കു കണ്ണും നട്ട് ഇരിക്കാൻ തുടങ്ങിയിട്ട് കുറെ നേരമായി. അതാ train slow ചെയ്യുന്ന മാതിരി തോന്നി. ശരിയാണ്

നീണ്ടു വലിഞ്ഞു നോക്കിയപ്പോൾ മഞ്ഞ board കാണാം. അങ്ങനെ ഇങ്ങു എത്തി, 5 minute മാത്രമേ സമയമുള്ളു എല്ലാം എടുത്തു വെളിയിൽ ഇറങ്ങാൻ. അപ്പോഴേക്കും കുലി പെട്ടിയെടുക്കാൻ തുടങ്ങിക്കഴിഞ്ഞു ആരോ വീട്ടിൽ നിന്നും പറഞ്ഞുവിട്ടതുമാതി തേന്നി. ഒരു വിധത്തിൽ rate ഒക്കെ പറഞ്ഞൊത്തു പെട്ടിയുമായി train ൽ നിന്നും ഇറങ്ങി. വീട്ടുകാർ compartment നോക്കി നടക്കയായിരുന്നു. പെട്ടെന്നു തന്നെ എല്ലാവരും ഓടി വന്നു. സന്തോഷം കരകവിഞ്ഞു കണ്ണുനീരായി ഒഴുകുകയാണ്. ഭൂമിയിൽ ഒരു സ്വർഗ്ഗം ഉണ്ടെങ്കിൽ അതിവിടാണെന്നു തോന്നി. നമ്മളുടെ നാടും വീടും പോലെ മറ്റൊന്നും ഉണ്ടാകില്ല.

Taxi രണ്ടു വീട് അപ്പുറം വരെ വരികയുള്ളു, പെട്ടികൾ എല്ലാം എടുക്കാൻ ആൾക്കാർ ready ആണ്. വീട്ടിൽ കയറി ഇരുന്നു കറെ നാളായി കാണാതിരുന്നതിൻെറ വിശേഷങ്ങൾ എല്ലാംകൂടി പറഞ്ഞിരുന്നു സമയം പോയതറിഞ്ഞില്ല. നല്ല ശുദ്ധമായ കിണറ്റുവെള്ളത്തിൽ ഒന്നു കുളിക്കണം അതു കഴിഞ്ഞ് വേണം ഭക്ഷണം കഴിച്ചു ഒന്നു വിശ്രമിക്കുവാൻ.

എല്ലാം കഴിഞ്ഞ ഒന്നു വിശ്രമിക്കാൻ തുടങ്ങിയപ്പോഴാണ് അമ്മാവൻെറ വരവ്. പൂർണ്ണമനസ്സോടെ അല്ലെങ്കിലും എഴുന്നേറ്റ് അമ്മാവനെ കാണാൻ പോയി. സുഖാന്വേഷണം ഒരു വാചകത്തിൽ തീർത്തിട്ട് അടുത്ത ചോദ്യം ഇതായിരുന്നു എടോ കുറെ നാളായില്ലെ ഇങ്ങനെ ഒറ്റക്കു കഴിയുന്നു, ഇനിയും ഒരു കല്യാണം ഒക്കെ ആയിക്കൂടായോ? പ്രതീക്ഷിച്ചിരുന്ന കാര്യമാണെങ്കിലും അല്പം വൈമനസ്യം കാണിക്കാന്നൊ തീരുമാനിച്ചു. ഞാൻ പറഞ്ഞു ഇനിയും

സമയമുണ്ടല്ലൊ. അമ്മാവൻ പറഞ്ഞു നാളെ 10 മണിക്കാണ് അവരു വരാമെന്നു സമ്മതിച്ചിരിക്കുന്നത്. ഇത്രയും പറഞ്ഞു അമ്മാവൻ ഏഴുന്നേറ്റ് അടുക്കളയുടെ വശത്തേക്കു പോകുകയും

ചെയ്തു. ഇനിയും ഇളയത്തുങ്ങളുടെ അടുത്തുനിന്നു വേണം വല്ല detail ഉം അറിയണമെങ്കിൽ. അനുജനു അനിജത്തിയും ഇതാ തെക്കോട്ടു നോക്കി ഞാനൊന്നുമറിഞ്ഞിതുമില്ല കേട്ടതുമില്ല എന്നമട്ടിൽ ഇരിക്കുന്നു. ആ ഇരിപ്പു കണ്ടാലെ അറിയാം ഇവർക്കെല്ലാം ഇതിൽ പങ്കുണ്ടെന്ന്. ഞാൻ സാവധാനത്തിൽ അനുജനോട് ചോദിച്ചു ആരാണടാ ഈ കക്ഷി.

അതോ അവൻ പറഞ്ഞു കക്ഷികൾ കോടതിയിലാണ് എന്നു തോന്നുന്നു. അതു പറഞ്ഞതും അവൻ ഇറങ്ങി ഒരു ഓട്ടം ഓടി. ഇനിയും അനുജത്തിയെ മണിയടിച്ചെങ്കിലെ എന്തെങ്കിലും അറിയാൻ പറ്റുകയുള്ളു. അല്പനേരത്തെ മൗനത്തിനു ശേഷം അനുജത്തി ജിനുവിനോട് school വിശേഷങ്ങൾ ചോദിക്കാൻ തുടങ്ങി. വിശേഷങ്ങൾ ചോദിക്കാൻ തുടങ്ങിയപ്പോൾ തന്നെ അവൾ പറഞ്ഞു വേല മനസ്സിലിരിക്കുകെ ഉള്ളു, ഞാൻ എന്തെങ്കിലും വിളിച്ചുപറയമെന്നു വിയ പ്രതീക്ഷ ഒന്നും വേണ്ട. ഉള്ളതു പറഞ്ഞാൽ ഞാനങ്ങു ചൂളിപ്പോയി. ഞാനോർക്കുകയായിരുന്നു ഇപ്പഴത്തെ കുട്ടികളൊ വളരെ smart ആണല്ലൊ. എൻെറ പരിതാപകരമായ അവസ്ത കണ്ടിട്ടായിരിക്കാം, ജിനു പറഞ്ഞു അക്കരെയുള്ള ആ headmaster ൻെറ ഇളയ മകൾ ആണ് നമ്മു party. അതെനിക്കറിമായിരുന്നു, ഞാൻ തട്ടിവിട്ടു. അവളൊണ്ടോ വിടുന്നു. ആ വേല മനസ്സിലിക്കട്ടെ എന്നു അവളും പറഞ്ഞു. ഈയാളിനെ ഒന്നു കാണണമെന്നു ഉള്ളിൽ ഒരു തോന്നൽ ഉള്ളതുമാതിരി.

**കഥ തുടരും**

……

## KAKC Tennis Tournament

Exclusively for KAKC Members on Sunday (08/30/2009) at 1pm – 5pm
KAKC committee would like to receive your full cooperation and participation.

**Venue : Mid Town Tennis Club**
**6700 W 110TH St**
**Overland Park, KS 66211**

*Contact:*
**Dinu Varghese (949-235-1142)**
**Dileepan Kottarappat (913-681-9001)**

## *KAKC Talent Competition 2009*

The **KAKC Talent** competition for kids was conducted on August 16th 2009 at Johnson County Public Library. The events were drawing, essay writing and coloring.



## *Sports & Games by Dinu Varghese*

As part of the KAKC committee's Sports and Games initiatives, we are planning to organize a couple more tournaments this year. Below are the results of the KAKC Picinc Sporting Events.

Under 5 years – 50 m
1st Place: Chinmay Krishna    2nd Place: Rohit Menon
6-8 years boys – 50 m
1st Place: Sooraj Menon    2nd Place: Godwine Ben
6-8 years girls – 50 m
1st Place: Elizabeth Joseph    2nd Place: Shreya Menon
10-12 years boys – 100 m
1st Place: Joel Zcharia    2nd Place: Justin
11-14 years girls – 100 m
1st Place: Manisha Ravi    2nd Place: Jilsha Jose
14 years & above girls – 100 m
1st Place: Aswathi Pradeep    2nd Place: Haritha Abraham
14 years & above boys – 100 m
1st Place: Jithin Jose    2nd Place: Nikhil Zcharia
19- 39 years Men - 100m
1st Place: Rupin Pavithran    2nd Place: Johnson Sebastian
Over 40 years Men – 100 m
1st Place: Zcharia Jose    2nd Place: Ronie Chazhoor
Lemon & Spoon Race (Girls)
1st Place: Haritha Abraham    2nd Place: Manisha Ravi
Lemon & Spoon Race (Women)
1st Place: Nisha Sudheer    2nd Place: Krishnapriya Pramod
Waterballoon Toss (Kids)
1st Place: Haritha Abraham & Anjali Ravi
2nd Place: Adithya Reji & Godwine Ben
Waterballoon Toss (Women)
1st Place: Ambily Dinu & Seena Sunil
2nd Place: Nisha Sudheer & Tintu Johnson
Musical Chair (Kids)
1st Place: Elizabeth Joseph    2nd Place: Sooraj Menon
Musical Chair (Women)
1st Place: Krishnapriya Pramod    2nd Place: Tintu Johnson

## *Malayalees Dominate at 2009 Sunflower State Games*

**Table Tennis**:
Dinu Varghese - Kansas State Open Champion (Gold Medal)
Kansas State Open Doubles Champion ( Gold Medal)
USATT Sanctioned Members Singles
Age 19-39 (Silver Medal)
Vinod Chirayath - Recreational Singles Champion (Gold Medal)
Aneesh Sreekumar - Recreational Group 2 (Silver Medal)

**Badminton:**
Ronie Chazhoor - Singles 41-50 Champion (Gold Medal)
Doubles 41-50 Runners-up ( Silver Medal)
Joseph Veleeparambil - Doubles 41-50 Runners-up (Silver Medal)
John Chazhoor - Singles 10-14 (Gold Medal)

All the winners/runners up are qualified for the 2011 State Games of America in San Diego,CA.

## *Onam at KAKC*

***Aug 29th– 4:00 p.m. to 9:00 p.m.***

KAKC is organizing our Onam Celebration at the Blue Valley North West High school located at 13260 Switzer Road Overland Park, KS - 66223. Please bring your friends and family as this is a great opportunity for new Malayalees to meet other members of our community. There will be a lot of exciting programs that members of our community is hosting. The program also includes a complete **OnamSadhya** in a typical **"Ella"** setting.

***So please join us …don't miss it!***

## *Sports & Games continued*

Apart from the above events, we have been playing Volleyball every Friday. The Volleyball Events schedule till Oct. 2009 is given below. We will publish the event details on the KAKC.

| | |
|---|---|
| 08/07/09 | OMS |
| 08/14/09 | OMS |
| 08/21/09 | OMS |
| 08/28/09 | OMS |
| 09/04/09 | OMS |
| 09/11/09 | No game |
| 09/18/09 | OMS |
| 09/25/09 | OMS |
| 10/02/09 | OMS |
| 10/09/09 | OMS |
| 10/16/09 | No game |
| 10/23/09 | OMS |
| 10/30/09 | OMS |
| OMS - Oxford Middle, 125th/Switzer | |

The winners include from left to right:
Dinu Varghese, Aneesh Sreekumar, Vinod Chirayath, John Chazhoor, Joseph Veleeparambil and Ronie Chazhoor.



## European Trip by Anjeli Ravi

Continued…

In Paris, we stayed at a hotel and toured around. Here was where we really started to use our feet. The bus wouldn't take us everywhere so we had to walk excessively. The streets of Paris were lined with sandwich shops and scarf vendors. The biggest difference between America and France were the thieves on the streets. One of my friends had warned me about these people. They come to us and ask if we could read their English letter. Then when we try to help them read the letter they snatch our money and run away. I first saw them when my friend had taken out a hundred dollar bill. Unfortunately, they had heard me speak English. The second time I ran into one of these thieves, I just shook my head, indicating that I don't speak English. During the trip, one of the chaperone's wallet was pick pocketed. Fortunately it wasn't mine.

One day, when we were all shopping on the streets, my friends and I took too many turns and after a while we realized we were lost in the streets of Paris. After arguing and shouting at each other, we reached an area which looked familiar. There we sat for 30 minutes, eating ice cream, watching a magic act, and having a panic attack. After the long wait, we finally saw familiar faces. They were our fellow students that actually knew where to go. If they hadn't come, I don't know what I would have done. Fortunately, and unfortunately, this was my last dayof the tour.

The next day we went to the airport with one thought;"Home". Unfortunately, when reaching Chicago, we had a seven hour lay-over. While waiting, we listened to songs, ate dinner, and learned of the death of Michael Jackson. I was fighting to stay awake because I don't sleep on planes and I had stayed awake for 24 hours straight. When I finally reached Kansas soil and saw my family after the 10 days, I only had one thought. *I want sleep.* If only I could find my luggage!

---

*Anjeli is currently a sophomore at Blue Valley Northwest High School and is active in Orchestra group and in Tennis Team.*

## *What is Onam ?*

Onam is the biggest and the most important festival of the state of Kerala. It is a harvest festival and is celebrated with joy and enthusiasm all over the state by people of all communities. According to a popular legend, the festival is celebrated to welcome King Mahabali, whose spirit is said to visit Kerala at the time of Onam.

Onam is celebrated in the beginning of the month of **Chingam,** the first month of Malayalam Calendar (Kollavarsham). This corresponds with the month of August-September according to Gregorian Calendar. The Carnival of Onam lasts from four to ten days. First day, **Atham** and tenth day, **Thiruonam** are most important of all. Popularity and presentation of rich culture of the state during the carnival made Onam the National Festival of Kerala in 1961. Elaborate feasts, folk songs, elegant dances, energetic games, elephants, boats and flowers all are a part of the dynamic festival.

**The Legend**

Story goes that during the reign of mighty asura (demon) king, Mahabali, Kerala witnessed its golden era. Everybody in the state was happy and prosperous and king was highly regarded by his subjects. Apart from all his virtues, Mahabali had one shortcoming. He was egoistic. This weakness in Mahabali's character was utilized by Gods to bring an end to his reign as they felt challenged by Mahabali's growing popularity. However, for all the good deed done by Mahabali, God granted him a boon that he could annually visit his people with whom he was so attached.It is this visit of Mahabali that is celebrated as Onam every year. People make all efforts to celebrate the festival in a grand way and impress upon their dear King that they are happy and wish him well.

*Articles from members are published as submitted and reflect authors' views and not that of KAKC.*
Visit **www.kakc.org** for the PDF version of all issues of *KAKC News & Views*